# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജൂൺ 2

# വാർത്താക്കുറിപ്പ്

## എം.ജി. ആറാം സെമസ്റ്റർ ബിരുദ പരീക്ഷ 15 മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാല ആറാം സെമസ്റ്റർ ബിരുദ പരീക്ഷകൾ (റഗുലർ/ പ്രൈവറ്റ് ) ജൂൺ 15ന് ആരംഭിക്കുമെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു. ബി.എഡ് നാലാം സെമസ്റ്റർ പരീക്ഷ ജൂൺ 16, 17, 18 തിയതികളിൽ നടക്കും. വിശദാംശങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ നിർത്തിവച്ചിരുന്ന സർവ്വകലാശാലയുടെ മൂല്യനിർണയ ക്യാമ്പുകൾ ജൂൺ മൂന്നിന് പുനരാരംഭിക്കും. മൂല്യനിർണയം കഴിഞ്ഞ ഉത്തരക്കടലാസുകളും മാർക്ക് പട്ടികയും ജൂൺ മൂന്ന്, നാല് തിയതികളിലായി ക്യാമ്പുകളിലെത്തിക്കാൻ അധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(പി.ആർ.ഒ/39/511/2021)

## പുതുക്കിയ പരീക്ഷ തീയതി

2021 ഏപ്രിൽ 30ന് നടത്താനിരുന്നതും മാറ്റിവച്ചതുമായ നാലാം വർഷ ബി.എസ് സി. നഴ്സിംഗ് (2016 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ജൂൺ 15 മുതൽ ആരംഭിക്കും.

(പി.ആർ.ഒ/39/512/2021)

## പരീക്ഷ ഫലം

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 17 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/513/2021)

## ബ്ലോക്ക് പ്ലെയ്സ്മെന്റ് റീഡു ഫലം

2021 ഫെബ്രുവരിയിൽ നടന്ന മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് (2011 അഡ്മിഷൻ) പ്രോഗ്രാമിന്റെ ബ്ലോക്ക് പ്ലെയ്സ്മെന്റ് റീഡു ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/514/2021)

## പി.സി. സുരേഷ് കുമാർ എം.ജി. സർവകലാശാല പി.ആർ.ഒ.

മഹാത്മാഗാന്ധി സർവകലാശാലയുടെ പബ്ലിക് റിലേഷൻസ് ഓഫീസറായി പി.സി. സുരേഷ്കുമാർ ചുമതലയേറ്റു. ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പിൽ ഇൻഫർമേഷൻ ഓഫീസറാണ്. കോട്ടയം, തൃശ്ശൂർ ജില്ലകളിൽ ഇൻഫർമേഷൻ ഓഫീസറായും കേരള മീഡിയ അക്കാദമി അസിസ്റ്റന്റ് സെക്രട്ടറിയായും സപ്ലൈകോ പി.ആർ.ഒ. ആയും പ്രവർത്തിച്ചിട്ടുണ്ട്. എറണാകുളം പെരുമ്പാവൂർ സ്വദേശിയാണ്.

(പി.ആർ.ഒ/39/515/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക്റിലേഷൻസ് ഓഫീസർ